പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5813** **25.05.2017 ൽ മറുപടിയ്ക്ക്**

**<u>സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി</u>**

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.വി.വിജയദാസ്

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | 2017-18 വർഷത്തെ ബജറ്റിലും ബജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുള്ള ചെറുതും വലുതുമായ എത്ര സ്റ്റേഡിയങ്ങളാണ് ഉള്ളത്; ഓരോന്നിന്റെയും തുക ഉൾപ്പെടെ വിശദ വിവരം നൽകുമോ; | എ) | 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പറളി, മേപ്പയൂർ, ഫറൂക്ക് ഗണപതി എന്നിവിടങ്ങളിലെ സ്കൂളുകളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം, പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം എന്നിവയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിയ്ക്കുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ വിശദവിവരം നൽകുമോ; | ബി) | പ്രസ്തുത സ്റ്റേഡിയങ്ങളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യ ഡയറക്ടറേറ്റിലെ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം വഴി സ്വീകരിച്ചു വരുന്നു. |
| സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | സി) | സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**